**കേരള സർക്കാർ**

**പാർലമെന്ററി കാര്യ വകുപ്പ് - അറിയുവാനുള്ള അവകാശചട്ടം 2005-സെക്രട്ടറിയേറ്റിലെ - പാർലമെന്ററി കാര്യ വകുപ്പിലെ അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറെയും അപ്പലേറ്റ് അതോറിറ്റിയെയും സ്ഥാന നിർദ്ദേശം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു**

---

**പാർലമെന്ററി കാര്യ (ബി) വകുപ്പ്**

**സ.ഉ. (എം എസ്) നം. 1/06/പാർലമെന്ററി കാര്യ വകുപ്പ്      തിരുവനന്തപുരം തീയതി 21-2-06**

---

പരാമർശം - 1. 28-10-05ലെ ജി ഒ (എം എസ്) 384/05/ജി എ ഡി
2. 15-10-05 ലെ 80649/സി ഡി എൻ4/05/പൊ ഭ വ സർക്കുലർ

മേൽ ഒന്നാം പരാമർശ പ്രകാരം അറിയുവാനുള്ള അവകാശ ചട്ടം (റൈറ്റ് ടു ഇൻഫർമേഷൻ ആക്ട് 2005) ആധാരമാക്കി കേരള സംസ്ഥാന ഇൻഫർമേഷൻ കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട് ജനാധിപത്യ മൂല്യങ്ങൾക്ക് അനുസൃതമായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അധികാര നിർവ്വഹണത്തിൽ സുതാര്യത ഉറപ്പാക്കുന്നതിനും ഉദ്യോഗസ്ഥർക്ക് കൂടുതൽ ഉത്തരവാദിത്വം നൽകാനും പൊതുജനങ്ങൾക്ക് ആവശ്യമായ ഔദ്യോഗിക രേഖകൾ യഥാസമയം ലഭ്യമാക്കുന്നതിനുമാണ് ഈ നിയമം നടപ്പിലാക്കുന്നത് കേന്ദ്ര നിയമത്തിലെ 4(1) വകുപ്പ് പ്രകാരം ഓരോ ഓഫീസിലെയും പൊതുജനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനായി സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറേയും സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറേയും സ്ഥാന നിർദ്ദേശം ചെയ്യാനും ഉത്തരവിൽ നിർദ്ദേശമുണ്ട്

മേൽ രണ്ടാം പരാമർശത്തിലെ സർക്കുലർ പ്രകാരം സെക്രട്ടറിയേറ്റിലെ പാർലമെന്ററി കാര്യ വകുപ്പിലെയും ഇതു സംബന്ധിച്ച ഉദ്യോഗസ്ഥൻമാരെ സ്ഥാന നിർദ്ദേശം ചെയ്യാൻ പൊതുഭരണ വകുപ്പ് ആവശ്യപ്പെട്ടിരിക്കുന്നു.

മേൽ സാഹചര്യത്തിൽ സെക്രട്ടറിയേറ്റിലെ പാർലമെന്ററി കാര്യ വകുപ്പിൽ അറിയുവാനുള്ള അവകാശ ചട്ടം 2005 പ്രകാരം താഴെ പറയുന്ന ഓഫീസർമാരെ സ്ഥാന നിർദ്ദേശം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

1. പൊതുജനങ്ങൾക്ക് വിവരങ്ങൾ ലഭ്യമാക്കുന്നതിന് അപേക്ഷകളും അപ്പീലുകളും സ്വീകരിക്കുന്നതിനുള്ള സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറായി ഡെപ്യൂട്ടി സെക്രട്ടറി ശ്രീമതി ജി വിജയലക്ഷ്മിയെ സ്ഥാന നിർദ്ദേശം ചെയ്യുന്നു

2. പൊതുജനങ്ങൾക്ക് വിവരങ്ങൾ ലഭ്യമാക്കുന്നതിന് അപേക്ഷകളും അപ്പീലുകളും സ്വീകരിക്കുന്നതിനുള്ള സ്റ്റേറ്റ് അസിസ്റ്റൻർ പബ്ലിക് ഇൻഫർമേഷൻ ഓഫീസറായി ഡെപ്യൂട്ടി പാർലമെൻററി കാര്യ (ബി) വകുപ്പ് സെക്ഷൻ ഓഫീസർ ശ്രീ കെ സതീശനെ സ്ഥാന നിർദ്ദേശം ചെയ്യുന്നു

3. പാർലമെൻററി കാര്യ വകുപ്പിലെ അപ്പലേറ്റ് അതോറിറ്റിയായി സെക്രട്ടറി ശ്രീ എസ് സുബയ്യയെ സ്ഥാന നിർദ്ദേശം ചെയ്യുന്നു

ഗവർണ്ണരുടെ ഉത്തരവിൻ പ്രകാരം

സെക്രട്ടറി
പാർലമെന്ററി കാര്യ വകുപ്പ്

ശ്രീ എസ് സുബ്ബയ, സെക്രട്ടറി പാർലമെന്ററി കാര്യ വകുപ്പ്
ശ്രീമതി ജി വിജയലക്ഷ്മി ഡെപ്യൂട്ടി സെക്രട്ടറി പാർലമെന്ററി കാര്യ വകുപ്പ്
ശ്രീ കെ സതീശൻ സെക്ഷൻ ഓഫീസർ പാർലമെന്ററി കാര്യ വകുപ്പ്
പാർലമെന്ററികാര്യ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
പൊതുഭരണ (ഏകോപന) വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

പകർപ്പ്

പാർലമെന്ററി കാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പാർലമെന്ററി കാര്യ വകുപ്പ് സെക്രട്ടറിയുടെ പി എ യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ